**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **14-07-2022 - ൽ മറുപടിയ്ക്ക്**

**മോര്യാകാപ്പ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപെട്ട മോര്യകാപ്പ് കാർഷിക പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട പുരോഗതികൾ വിശദമാക്കാമോ; | (എ) | മോര്യകാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ സമർപ്പിച്ച പദ്ധതി 24.05.2022 തീയതിയിൽ കൂടിയ സ്റ്റേറ്റ് ലെവൽ പ്രോജക്റ്റ് സ്ക്രീനിംഗ് കമ്മറ്റി പരിഗണിക്കുകയും ആയത് കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ബഹു. കൃഷി വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത എം.എൽ.എ. യുടെയും, ഉദ്യോഗസ്ഥരുടെയും യോഗതീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത യോഗ തീരുമാന പ്രകാരം കൈക്കൊണ്ട നടപടികളിൽ കൂടി കൃഷി വകുപ്പിന് മോര്യാ കാപ്പ് പാടശേഖരങ്ങളിൽ "ശാസ്ത്രീയമായി കൃഷിയിറക്കാനും, കൃഷി വിസ്തൃതി കൂട്ടുവാനും സാധിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഏകദേശം 315 ഹെക്ടർ ചെയ്തിരുന്ന സ്ഥാനത്ത് നിന്നും 2021-22-ൽ ഏകദേശം 600 ഹെക്ടറിലേക്ക് ഉയർത്താൻ സാധിച്ചു".<br><br>"കൃത്യമായ ജലസേചന പ്ലാൻ തയ്യാറാക്കിയാണ് തുടർന്നുള്ള വർഷങ്ങളിൽ കൃഷി ഇറക്കിയിട്ടുള്ളത്. ടി പ്രദേശത്തെ പ്രത്യേക സാഹചര്യവും നീർവാർച്ച സൗകര്യവും മഴയുടെ ലഭ്യതയും അനുസരിച്ച് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന്റെ ഭാഗമായി ദീർഘകാല മൂപ്പുള്ള ഇനങ്ങൾ ഒഴിവാക്കി ഹ്രസ്വകാല മൂപ്പുള്ള വിത്തിനങ്ങൾ സൗജന്യമായി ലഭ്യമാക്കി കൊണ്ട് കൃഷി പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പുതല പദ്ധതിയായ തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി 285 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. അങ്ങനെ ഏകദേശം 98% പാടവും കൃഷിയോഗ്യമാക്കിയിട്ടുണ്ട്".<br><br>എല്ലാ വർഷങ്ങളിലും ശാസ്ത്രീയ കൃഷി ഇറക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയും സംസ്ഥാന തദ്ദേശ സ്വയം |

| | | | |
|---|---|---|---|
| | | | ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർവഹണത്തിൽ എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്നും പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകും എന്നും വിശദമാക്കാമോ; | (സി) | മോര്യ കാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് നിർവഹണാനുമതി ലഭിച്ച പദ്ധതികൾ കൃഷിവകുപ്പിൽ ഇപ്പോൾ നിലവിലില്ല.<br>പദ്ധതിക്കെതിരെ പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ നിലവിലുണ്ടോ; പദ്ധതിക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (ഡി) | മോര്യ കാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് നിർവഹണാനുമതി ലഭിച്ച പദ്ധതികൾ കൃഷിവകുപ്പിൽ ഇപ്പോൾ നിലവിലില്ല.<br>പദ്ധതിക്കെതിരെ പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ